## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2095

11.06.2018 ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂളിൽ നടത്തിയ അക്രമ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂളിൽ 28.05.2018-ന് ഒരു വിഭാഗക്കാർ നടത്തിയ അക്രമ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂളിലെ സ്കൂൾ യൂണിഫോം മാറ്റി പുതിയ യൂണിഫോം ആക്കിയതിലുള്ള വിരോധത്തിൽ പതിനഞ്ചോളം ക്യാമ്പസ് ഫ്രണ്ട് പ്രവർത്തകർ സ്കൂളിൽ അതിക്രമിച്ച കയറി സ്കൂളിലെ കസേര, ചെടിച്ചട്ടികൾ, ബൾബുകൾ, ഫോട്ടോകൾ, മോട്ടോർ എന്നിവ അടിച്ച് നശിപ്പിച്ച് സ്കൂളിന് അൻപതിനായിരം രൂപയുടെ നഷ്ടം വരുത്തിയിട്ടുള്ളതാണ്. |
| (ബി) അക്രമ പ്രവർത്തനം നടത്തിയവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ; | (ബി) | ഇത് സംബന്ധിച്ച് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം 751/18 U/s 143, 147, 452, 427, 149 IPC 3(1)(2) (A) PDPP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലേയ്ക്ക് 8 പ്രതികളെ അറസ്റ്റ് ചെയ്ത് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ടിയാന്മാരെ റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. |
| (സി) അക്രമസാധ്യതകൾ കണക്കിലെടുത്ത് കരുനാഗപ്പള്ളി നഗരത്തിലെ പൊതുവിദ്യാലയങ്ങൾക്ക് സംരക്ഷണം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ? | (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്കൂൾ പരിസരങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ